## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3783** **12-03-2025 - ൽ മറുപടിയ്ക്ക്**

## ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലുൽപ്പാദനം വർധിപ്പിക്കുന്നതിനും ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനും സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷരെ സംരക്ഷിക്കുന്നതിനുമായി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. പാൽ ഉത്പാദന ചെലവ് കുറയ്ക്കുന്നതിനും, തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുമായാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ, ഡയറി ഫാം ആധുനികവത്ക്കരണവും യന്ത്രവത്ക്കരണവും ചെയ്യുന്നതിനുള്ള പദ്ധതികൾ, ഉരുക്കളുടെ ആരോഗ്യസംരക്ഷണത്തിനും ഉത്പാദനവർദ്ധന വിനുമായുള്ള പദ്ധതികൾ, പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ഉരുക്കളെ വാങ്ങുന്നതിനുള്ള പദ്ധതികൾ, എന്നിവ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നു. ഇവ കൂടാതെ ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തുന്ന പാലിന് സബ്സിഡി, കാലിത്തീറ്റ വിതരണ പദ്ധതി, ഡയറി ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ഉത്പാദന ക്ഷമതയും, ആരോഗ്യവും വർദ്ധിക്കുന്നതിനുള്ള പദ്ധതി, തീറ്റചെലവ് കുറയ്ക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതികളിലൂടെ പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, ക്ഷീര കർഷകരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കുന്നതിനും വകുപ്പ് പരിശ്രമിക്കുന്നു.<br><br>പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനും വേണ്ടി മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ക്ഷീരകർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിനായി മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് നിലവിൽ 300 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. |

<table>
<tr><td></td><td></td><td></td><td>വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളായും നൽകുന്നതിനു പുറമേ വിവിധ സബ്സിഡികളായും, അധിക പാൽവിലയായും, വിവിധ ക്ഷേമ പ്രവർത്തനങ്ങളായും, കർഷകക്ഷേമ പദ്ധതികളായും മിൽമ ക്ഷീരകർഷകർക്ക് തന്നെ കൈമാറുന്നു. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു നൽകിക്കൊണ്ടും, ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരകർഷകൻറെ വർദ്ധിച്ചുവരുന്ന ഉൽപാദനചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽ പേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കുവാനും അതുവഴി ക്ഷീരോൽപാദനം വർദ്ധിപ്പിക്കുവാനും വേണ്ട പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കെ.എൽ.ഡി.ബോർഡിന്റെ ബീജോൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ഗാഢശീതീകരിച്ച ബീജമാത്രകൾ സംസ്ഥാനത്തൊട്ടാകെ ബീജാധാനകേന്ദ്രങ്ങൾ വഴി വിതരണം ചെയ്തു വരുന്നു. ഭ്രൂണമാറ്റ പ്രക്രിയയിലൂടെ മുന്തിയ ഇനം പശുകുട്ടികളെ ഉല്പാദിപ്പിക്കുന്നതിന് വേണ്ടി അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഭ്രൂണമാറ്റ ലബോറട്ടറി കൊല്ലം ജില്ലയിലെ ചിതറയിലും, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിലും പ്രവർത്തിക്കുന്ന റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകളിൽ ഒരുക്കിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>2011 മുതൽ 2025 വരെയുള്ള കാലയളവിലെ പ്രതിവർഷ പാൽ ഉൽപ്പാദനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?</td><td>(ബി)</td><td>2010 മുതൽ നാളിതുവരെ കേരളത്തിന്റെ പാലുല്പാദനം എത്രയെന്നത് സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>സാമ്പത്തിക വർഷം</th><th>പാലുല്പാദനം<br>(ടൺ കണക്കിൽ)</th></tr>
<tr><td>2010-11</td><td>2643.35</td></tr>
<tr><td>2011-12</td><td>2716.85</td></tr>
<tr><td>2012-13</td><td>2791.61</td></tr>
<tr><td>2013-14</td><td>2653.68</td></tr>
<tr><td>2014-15</td><td>2711.13</td></tr>
<tr><td>2015-16</td><td>2649.72</td></tr>
<tr><td>2016-17</td><td>2520.29</td></tr>
<tr><td>2017-18</td><td>2575.98</td></tr>
</table></td></tr>
</table>

| | |
|---|---|
| 2018-19 | 2548.68 |
| 2019-20 | 2544.35 |
| 2020-21 | 2533.88 |
| 2021-22 | 2532.46 |
| 2022-23 | 2579.76 |
| 2023-24 | 2579.99 |

സെക്ഷൻ ഓഫീസർ